മി. സ്പീക്കർ: കാളിങ് അറ്റൻഷൻ.....(ബഹളം)..... നോ, നോ.

II. തീരദേശ ബന്ദിനെപ്പറ്റിയുള്ള അടിയന്തിരപ്രമേയ നോട്ടീസ് സഭയിൽ പരാമർശിക്കുന്നതിന് അനുമതി നൽകാത്തതു സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, തീരദേശ ബന്ദിനെപ്പറ്റി ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. അടിയന്തിര പ്രമേയം സംബന്ധിച്ച് സാധാരണ ബഹുമാനപ്പെട്ട സ്പീക്കർ ഇന്നയിന്ന കാരണങ്ങളാൽ അത് 9.30 A.M.] അനുവദിക്കാൻ പറ്റില്ല എന്നുപറയുന്ന ഒരു സമ്പ്രദായംപോലും ഇതിൽ ഉണ്ടായില്ല. ഇന്ന് രാവിലെ മുതൽ വൈകുന്നേരം വരെ കക്ഷിരാഷ്ട്രീയത്തിന് അതീതമായി മത്സ്യത്തൊഴിലാളികൾ ബന്ദ് നടത്തുകയാണ്. അതിൽ 16 വിദേശ ട്രോളറുകൾക്ക്.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അറിവിലേയ്ക്കായി പറയുന്നു, ഈ വിഷയം സംബന്ധിച്ച് കാളിങ് അറ്റൻഷൻ കൊടുത്തിട്ടുണ്ട്. അത് അച്ചടിച്ച് വന്നിട്ടുണ്ട്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: എന്നാലും ബഹുമാനപ്പെട്ട സ്പീക്കർ, അടിയന്തിരപ്രമേയം പ്രതിപക്ഷത്തു നിന്ന് കൊടുക്കുക; ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറയുക; അങ്ങനെ നമ്മുടെ സഭ ആകെത്തന്നെ അതിനോട് ഏകഭാവത്തോടെയുള്ള സമീപനം സ്വീകരിക്കുക എന്നുള്ളതല്ലേ താരതമ്യേന നല്ലത്? പ്രതിപക്ഷത്തിന്റെ അടിയന്തിരപ്രമേയവും അതിന് മുഖ്യമന്ത്രി നൽകുന്ന മറുപടിയും കൂടിയാകുമ്പോൾ കേരളത്തിന്റെയാകെ വികാരങ്ങൾ ഒരുമിച്ച് കൊണ്ടുവരാൻ കഴിയുന്നതാണ് നല്ലത് എന്ന് ബഹുമാനപ്പെട്ട അങ്ങ് ഭരണകക്ഷിക്കാരെ ബോദ്ധ്യപ്പെടുത്തുന്നതിന് ശ്രമിക്കുമെന്നായിരുന്നു ഞങ്ങൾ കരുതിയിരുന്നത്. ദൗർഭാഗ്യവശാൽ പ്രതിപക്ഷത്തിന്റെ അടിയന്തിര പ്രമേയം ഗൗരവതരമായ ഒരു കാര്യമല്ല എന്ന നിലയിൽ അങ്ങ് പരിഗണിച്ചത് വളരെ കഷ്ടമായിപ്പോയി. കേരളത്തിൽ തീരദേശത്ത് കക്ഷിപരിഗണനകൾക്ക് അതീതമായി എല്ലാ മത്സ്യത്തൊഴിലാളി സംഘടനകളും ചേർന്ന് നടത്തുന്ന ബന്ദാണ്. ഒരു ട്രോളർ വരിക എന്നുപറഞ്ഞാൽ ആനവാരി കപ്പലാണ് അത്. നമ്മുടെ മത്സ്യസമ്പത്ത് മുഴുവൻ അത് വാരിക്കൊണ്ടുപോവുകയാണ്. വിദേശ ട്രോളറുകൾ 32 എണ്ണമാണ് അനുവദിക്കുന്നത്. അതിന്റെ ഫലമായി നമ്മുടെ മത്സ്യത്തൊഴിലാളികൾ കഷ്ടത്തിലാവുകയാണ്. അതിനോടുള്ള ശക്തമായ പ്രതിഷേധം നമ്മുടെ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാതിരുന്നത് കഷ്ടമായിപ്പോയി. പ്രതിപക്ഷത്തിന്റെ ഈ അടിയന്തിരപ്രമേയം അനുവദിക്കാൻ ഭരണകക്ഷിയും മുഖ്യമന്ത്രിയും തയ്യാറാകാതിരുന്നതിൽ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുകയാണ്. സഭയുടെയാകെ അഭിപ്രായ സമന്വയം ഉണ്ടാക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു വിഷയമാണ് ഞങ്ങൾ അടിയന്തിരപ്രമേയത്തിലൂടെ ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിച്ചത്. അത് കൊണ്ടുവരാൻ അനുവദിക്കാത്ത മുഖ്യമന്ത്രിയോടുള്ള ഞങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്കാൻവേണ്ടി ഞങ്ങൾ ഈ സഭയിൽനിന്ന് ഇറങ്ങിപ്പോവുകയാണ്.

(അടിയന്തിരപ്രമേയ നോട്ടീസ് സഭയിൽ പരാമർശിക്കുന്നതിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തു പോയി. സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി).

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പ്രതിപക്ഷനേതാവാണ് അദ്ദേഹം. അദ്ദേഹം സംസാരിക്കാൻ എഴുന്നേറ്റാൽ സംസാരിക്കാൻ ഞാൻ അനുവദിക്കേണ്ടതാണ്. അതുകൊണ്ടാണ് വേറെ ആരെയും സംസാരിക്കാൻ അനുവദിക്കാതെ അദ്ദേഹത്തെ സംസാരിക്കാൻ അനുവദിച്ചത്. പ്രതിപക്ഷ നേതാവിനെ നമ്മൾ ബഹുമാനിക്കണം.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം.ഹസ്സൻ): സർ, മത്സ്യത്തൊഴിലാളികളുടെ പ്രശ്നം സംബന്ധിച്ച് അങ്ങ് ഇന്ന് ഭരണപക്ഷത്തെ ഒരംഗത്തിന് അനുവദിച്ച കാളിങ് അറ്റൻഷൻ വളരെ നേരത്തെ നോട്ടീസ് കൊടുത്തതാണ്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നം ഇന്ന് അടിയന്തിരമായി ഉണ്ടായതല്ല. ഇന്ന് രാവിലെ ഉണ്ടായ സംഭവമല്ല അത്. ഈ പ്രശ്നം നേരത്തെ തന്നെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാതെ, ഇന്ന് നടക്കുന്ന തീരദേശ ബന്ദിനെ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി വിനിയോഗിക്കാനാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തുനിഞ്ഞത്. ഇത്തരം സമരങ്ങളെ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ഉപയോഗിക്കുന്നതും അതിന് ഈ നിയമസഭാവേദി ഉപയോഗിക്കുന്നതും ദൗർഭാഗ്യകരമാണ്.

III. ശ്രദ്ധക്ഷണിക്കൽ

(1) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ

ശ്രീ. എൻ. രാജൻ: സർ, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഭൂവുടമ വിഹിതം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഞാൻ ഇത് അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്തു ഏറ്റവും കൂടുതൽ അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമനിധി ബോർഡാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്. ഏതാണ്ട് 19 ലക്ഷത്തിലധികം അംഗങ്ങൾ ഇപ്പോൾ അതിൽ നിലവിലുണ്ട്. ഈ നിയമസഭ തന്നെ തൊഴിലാളികളുടെ അംശദായം രണ്ട് രൂപയിൽ നിന്ന് അഞ്ച് രൂപയാക്കി ഭേദഗതി ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ഒരു തരത്തിലുമുള്ള ആനുകൂല്യ വർദ്ധനയും ഇതുവരെ തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടില്ല. ബോർഡിൽനിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിതരണത്തിലും ബോർഡിന്റെ പ്രവർത്തനത്തിലും അതിന്റെ നിലനിൽപ്പിലും തൊഴിലാളികൾ ആശങ്കാകുലരാണ്. 1,30,950 പേരാണ് ആനുകൂല്യം ലഭിക്കാതെ കാത്തിരിക്കുന്നത്. അറുപത് വയസ്സ് കഴിഞ്ഞവർ അതായത് അംഗങ്ങളല്ലാതായി തീർന്നവർക്കുള്ള ആനുകൂല്യം ലഭിക്കുന്നതിന് 86,521 അപേക്ഷകളുണ്ട്. അവർക്ക് 47,82,56,250 രൂപ കൊടുത്തുതീർക്കാനുണ്ട്. മരണാനന്തര സഹായമായി 10,44,000 രൂപയും കൊടുക്കാനുണ്ട്. വിവാഹ ധനസഹായത്തിന് 40,000 പേരോളം ഇപ്പോഴും കാത്തിരിക്കുകയാണ്. അവർക്ക് 8,09,06,000 രൂപ വിതരണം ചെയ്യേണ്ടതുണ്ട്. പ്രസവകാല ആനുകൂല്യം 13 ലക്ഷത്തിലധികം രൂപ കൊടുത്തു തീർക്കാനുണ്ട്. ചികിത്സാ സഹായം 16 ലക്ഷത്തിലധികം രൂപ കൊടുത്തുതീർക്കാനുണ്ട്. അങ്ങനെ ആകെ 56,31,38,250 രൂപ ഇപ്പോൾ ബോർഡിന്റെ അധിക ബാദ്ധ്യതയായി ഉണ്ട്. ഗവണ്മെന്റിന്റെ സഹായമില്ലാതെ ഈ ബോർഡിന്റെ പ്രവർത്തനം ഒരിഞ്ചുപോലും മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ലായെന്ന് അങ്ങേയ്ക്കു തന്നെ അറിയാം. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് 5 കോടി രൂപ ബഡ്ജറ്റ് വഴി ഇതിന് സഹായം കൊടുത്തതാണ്. ആ തുക കൊണ്ടാണ് കഴിഞ്ഞ രണ്ട് രണ്ടര വർഷക്കാലം ആനുകൂല്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly